# സി എം ആർ ടൈംസ്
## ചേന്ദമംഗല്ലൂർ എച്ച് എസ് എസ്
## ലിറ്റിൽ കൈറ്റ്സ്

ആഗസ്റ്റ് □□□□

ചീഫ് എഡിറ്റർ : ഹാദി ഫാത്തിമ    എഡിറ്റർ : ഫാദിഹ ഒ , വേദ ലക്ഷ്മി ആർ ജെ, ഫാസ് അമീൻ , ആദിദേവ് , യജത്ത് കെ

## സ്വാതന്ത്ര്യദിനം

ആഗസ്റ്റ് 15 ന് ചേന്ദമംഗല്ലൂർ എച്ച്എസ്എസ് സ്വാതന്ത്ര്യദിനം വളരെ ആവേശത്തോടെയും ദേശസ്നേഹത്തോടെയും ആഘോഷിച്ചു. പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ, പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, അധ്യാപകർ എന്നിവരുടെ സാന്നിധ്യത്തിൽ പതാക ഉയർത്തൽ ചടങ്ങോടെയാണ് പരിപാടി ആരംഭിച്ചത്. ദേശീയ പതാക ഉയർത്തി, എല്ലാവരും അഭിമാനത്തോടെ ദേശീയഗാനം ആലപിച്ചു. എൻസിസിയുടെ കീഴിൽ വിവിധ മത്സരങ്ങൾ നടന്നു, അതിൽ സ്വാതന്ത്ര്യ ക്വിസ്, പതാക നിർമ്മാണ മത്സരം എന്നിവ ഉൾപ്പെടുന്നു. മയക്കുമരുന്ന് വിരുദ്ധ ദിന പോസ്റ്റർ നിർമ്മാണ മത്സരം, പതാക നിർമ്മാണം, ക്വിസ് എന്നിവയിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ഗൈഡുകളുടെയും എൻസിസി കേഡറ്റുകളുടെയും ദേശസ്നേഹ ഗാനങ്ങൾ, എൻസിസി കേഡറ്റുകളുടെ ദേശസ്നേഹ നൃത്തം എന്നിവയുൾപ്പെടെയുള്ള സാംസ്കാരിക പ്രകടനങ്ങളിലൂടെ വിദ്യാർത്ഥികൾ അവരുടെ ദേശസ്നേഹത്തിന്റെ ആത്മാവ് പ്രകടിപ്പിച്ചു. ജെആർസി ബെസ്റ്റ് കേഡറ്റ് അവാർഡ് നൽകി. ബന്ന മാസ്റ്റർ പരിപാടിക്ക് നേതൃത്വം നൽകി, 30 കെ ബറ്റാലിയനിൽ നിന്നുള്ള മുഖ്യാതിഥി ഹവ്. രുദ്ര പുൻ മഗർ പങ്കെടുത്തു. ലിറ്റിൽ കൈറ്റ്സ് കോർഡിനേറ്റർ ശ്രീ. രാജി റംസാൻ, എൻസിസി ഓഫീസർ സന സുലൈഖ എന്നിവർ സദസ്സിനെ അഭിസംബോധന ചെയ്തു, പ്രചോദനാത്മകമായ വാക്കുകളാൽ അവരെ ആകർഷിച്ചു. പങ്കെടുത്ത എല്ലാവർക്കും പായസം വിതരണം ചെയ്തതോടെ പരിപാടി അവസാനിച്ചു. ആഘോഷം വൻ വിജയമായിരുന്നു, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഹൃദയങ്ങളിൽ ദേശീയ അഭിമാനം ജ്വലിപ്പിച്ചു. ക്യാമ്പസ് സമൂഹത്തിനിടയിലെ ദേശസ്നേഹത്തിന്റെയും ഐക്യത്തിന്റെയും ആത്മാവിനെ ഈ പരിപാടി പ്രതിഫലിപ്പിച്ചു.



## സയൻസനോടുള്ള താൽപര്യം വി എസ് സി ഐ എസ് സി ൽ എത്തിച്ചു

ചേന്ദമംഗല്ലൂർ ഹയർ സെക്കൻഡറി സ്കൂളിൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം വിഎസ് സി ഐ എസ് സി സംവിധാനങ്ങൾ സന്ദർശിച്ചു വിദ്യാർഥികളുടെ സയൻസനോടുള്ള താൽപര്യവും സ്പേസിനോടുള്ള താല്പര്യം വർദ്ധിപ്പിക്കുക എന്നതായിരുന്നു യാത്രയുടെ ഉദ്ദേശം ഐഐഎസ് ടീയിൽ ഡോക്ടർ അബ്ദുൽ കലാം മുതൽ അതിനു നേതൃത്വം കൊടുത്ത വ്യക്തിത്വങ്ങളുടെ സംഭാവനകളെ പരിചയപ്പെടുത്തി അതിനുശേഷം അവിടത്തെ 5 പ്രമുഖമായ ലാബുകൾ വിസിറ്റ് ചെയ്യാനും അധ്യാപകരുമായും വിദ്യാർഥികളുമായി സംവദിക്കാനും അവസരം ലഭിച്ചു വി എസ് സി യിൽ ഐഎസ്ആർഒയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന സ്പേസിന്റെ പ്രവർത്തനങ്ങൾ നന്നായി മനസ്സിലാക്കാനും അവിടത്തെ സൈന്റിസ്റ്റുകളുമായി സംവദിക്കാനും പുതിയ സംവിധാനങ്ങളിലേക്കുള്ള കാൽവെപ്പുകൾ എന്താണെന്ന് മനസ്സിലാക്കാനും യാത്രയിലൂടെ വിദ്യാർഥികൾക്ക് സാധിക്കുകയുണ്ടായി



## കളറായി ഓണം

ചേന്ദമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂൾ ഓണാഘോഷം വർണ്ണാഭമായി ആഘോഷിച്ചു. വിദ്യാർത്ഥികൾ അവർ ഇഷ്ടപ്പെട്ട കളർ ഡ്രസ്സിലാണ് സ്കൂളിൽ എത്തിയത് അവരെ വരവേൽക്കാൻ മാവേലി തമ്പുരാനും കൊട്ടിന്റെ അകമ്പടിയും ഉണ്ടായിരുന്നു. പോർട്ടിക്കോയിൽ നിർമ്മിച്ച മനോഹരമായ പൂക്കളം വിദ്യാർത്ഥികൾ വിവിധങ്ങളായ പരിപാടികൾ അതിൽ വടം വലി വിദ്യാർത്ഥികളിൽ ആവേശം കൊള്ളിച്ചു. ബോൾ പാസിംഗ് കസേര കളി തുടങ്ങിയവയിൽ വളരെ ആവേശത്തോടെ പങ്കെടുത്തു. അധ്യാപകരുടെ കസേരക്കളിയും ഉണ്ടായിരുന്നു അതിൽ സാജിതാത്ത ഒന്നാമതെത്തി.ഓരോ ക്ലാസിലും ഒരുക്കിയ വിഭവ സമൃദമായ സദ്യയായിരുന്നു ഓണാഘോഷത്തിലെ ഹൈലൈറ്റ്.



## ഹിരോഷിമ ദിനം യുദ്ധവിരുദ്ധ ദിനം

ഹിരോഷിമ ദിനം യുദ്ധവിരുദ്ധ ദിനമായി ആചരിച്ചു യുദ്ധം ഒന്നിനും പരിഹാരമല്ലെന്ന സന്ദേശം നൽകി ചേന്ദമംഗല്ലൂർ ഹയർസെക്കൻഡറി സ്കൂൾ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ യുദ്ധവിരുദ്ധ റാലിയും സന്ദേശവും നൽകി. സ്കൂൾ സോഷ്യൽ സയൻസ് ക്ലബ് കൺവീനർ മുശാഹിദ് പി അധ്യക്ഷത വഹിച്ച ചടങ്ങിൽ കുട്ടികൾ യുദ്ധവിരുദ്ധ സന്ദേശം നൽകുകയും യുദ്ധത്തിൻറെ കെടുതികൾ വിവരിക്കുന്ന പരിപാടികൾ ക്ലാസുകളിൽ അവതരിപ്പിക്കുകയും ചെയ്തു .സോഷ്യൽ സയൻസ് അധ്യാപകരായ എ.അബ്ദുൽ ഗഫൂർ, റഹ്മാബി പി.വി, അംജദ് കെ തുടങ്ങിയവർ നേതൃത്വം നൽകി.




## സ്വാതന്ത്ര്യദിന സൈക്കിൾ റാലി

ചേന്ദമംഗല്ലൂർ ഹയർ സെക്കൻഡറി സ്കൂളിലെ എൻസിസി യൂണിറ്റ് 2025 ഓഗസ്റ്റ് 13 ന് ഇന്ത്യൻ ആർമി സംഘടിപ്പിച്ച സ്വാതന്ത്ര്യ സൈക്കിൾ റാലിയിൽ സജീവമായി പങ്കെടുത്തു. മുക്കത്ത് കേണൽ നായർ റാലി ഫ്ലാഗ് ഓഫ് ചെയ്തു. കണ്ണൂരിൽ നിന്ന് വയനാട് വരെയാണ് റാലി. ചടങ്ങിൽ, ചൂരൽമല ഇരകൾക്കുള്ള ഇന്ത്യൻ ആർമിയുടെ സമർപ്പണത്തിന് കേഡറ്റുകൾ ഹൃദയംഗമമായ സല്യൂട്ട് അർപ്പിച്ചു.



## ആഗസ്റ്റ് മാസത്തിലൂടെ.........

**ആഗസ്റ്റ് 6**
ഹിരോഷിമ ദിനത്തോടനുബന്ധിച്ച് സോഷ്യൽ സയൻസ് ക്ലബ് മനുഷ്യ ചങ്ങല തീർത്തു

**ആഗസ്റ്റ് 8**
വിദ്യാരംഗം കലാസാഹിത്യ വേദി മുക്കം ഉപജില്ലാ സാഹിത്യ സെമിനാർ 25 ജുന ഫാത്തിമ ജില്ലയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു

**ആഗസ്റ്റ് 8**
സ്വഷ്ടി സ്കൂൾ തല പ്രവൃത്തി പരിചയ മേള

**ആഗസ്റ്റ് 9**
പുതിയ പി ടി എ എക്സിക്യൂട്ട് മെമ്പേഴ്സ്നെ സെലക്ട് ചെയ്തു

**ആഗസ്റ്റ് 12**
കെ എസ് എസ് പി എ സംഘടിപ്പിച്ച മുക്കം മണ്ഡലം സ്വാതന്ത്ര്യ ദിന പ്രബന്ധമത്സരം ജുന ഫാത്തിമയ്ക്ക് രണ്ടാം സ്ഥാന

**ആഗസ്റ്റ് 12**
കോഴിക്കോട് ജില്ലാ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഗോൾഡ് മെഡൽ നേടിയ ഹാദി ഫാത്തിമ

**ആഗസ്റ്റ് 13**
ഇന്ത്യൻ ആർമി മുക്കത്ത് സംഘടിപ്പിച്ച സ്വാതന്ത്യദിന സൈക്കിൾ റാലി ചേന്ദമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂൾ എൻ സി.സി ക്യാഡറ്റുകൾ പങ്കെടുത്തു

**ആഗസ്റ്റ് 14**
സയൻസ് ക്ലബിലെ അംഗങ്ങൾ തിരുവനന്തപ്പുരം വി എസ് സി ഐ എസ് സി സന്ദർശിച്ചു

**ആഗസ്റ്റ് 15**
സ്വാതന്ത്ര്യ ദിനാഘോഷ പരിപാടി

**ആഗസ്റ്റ് 19**
മധ്യ പ്രദേശ് ഗോളിയോറിൽ വച്ച് നടക്കുന്ന പാരാ അത് ലറ്റ് ചാമ്പൻഷിപ്പിൽ റബീഹിന് സെലക്ഷൻ ലഭിച്ചു

**ആഗസ്റ്റ് 25**
റബീഹ് മധ്യപ്രദേശിൽ പോയി എറിയട്ടെ

**ആഗസ്റ്റ് 26**
ഓണാഘോഷ പരിപാടി

**ആഗസ്റ്റ് 26**
ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ പൂക്കള മത്സരം നടത്തി

## ഉപന്യാസ മത്സരം

കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ മുക്കം മണ്ഡലം കമ്മിറ്റി സ്വാതന്ത്രദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ജുന ഫാത്തിമക്കുള്ള ക്യാഷ് അവാർഡും മെമെന്റേയും ഹെഡ്മാസ്റ്റർ വിതരണം ചെയ്തു




## റബീഹ്മധ്യപ്രദേശിൽ പോയിഎറിയട്ടെ

ചേന്ദമംഗലൂർ ഹയർസെക്കൻഡറി സ്കൂളിലെ 10-ാം ക്ലാസ്വിദ്യാർത്ഥിയായ മുഹമ്മദ് റബീഹ് മധ്യപ്രദേശിലെ ഗോളിയോറിലേക്ക് പുറപ്പെടുന്നു. നാഷണൽ പാര അത്‌ലറ്റിക് മീറ്റിൽ ഡിസ്കസ് ത്രോ , ജാവലിംഗ് ത്രോ മത്സരങ്ങളിൽ പങ്കെടുക്കാൻ വേണ്ടിയാണ് റബീഹ് മധ്യപ്രദേശിലേക്ക് പോകുന്നത്. തിരുവനന്തപുരത്ത് വച്ച് നടന്ന സ്റ്റേറ്റ് സ്ക്രീനിംഗ് ടെസ്റ്റിൽ വിജയിച്ച മുഹമ്മദ് റബീഹ് മണാശ്ശേരി മുത്താലം സ്വദേശിയാണ്. സ്കൂളിൽ വച്ച് നടന്ന ചടങ്ങിൽ ഹെഡ്മാസ്റ്റർ യുപി മുഹമ്മദലി റബീഹിന് യാത്ര മംഗളങ്ങൾ നേർന്നു.



# ആഗസ്റ്റ് മാസത്തിലൂടെ.................





































## ചേന്ദമംഗല്ലൂർ എച്ച് എസ് എസ് ഫോട്ടോ ഗാലറി



സ്വാതന്ത്ര്യദിനാഘോഷം




സ്വാതന്ത്ര്യദിന സൈക്കിൾ റാലി



ഓണാഘോഷം



വി എസ് സി ഐ എസ് സി  സന്ദർശനം